DESPATCHED
On. 04/12/21.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 894(2)/2019**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **12775**/എസ്.ഐ.സി-ജി 6/19)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.പി.കുഞ്ഞുണ്ണി,
പുല്ലാനിപ്പറമ്പിൽ,
മേഴത്തൂർ, തൃത്താല വില്ലേജ്,
കോടനാട്.** — **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
വില്ലേജ് ഓഫീസർ,
തൃത്താല.** — **എതിർകക്ഷി**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.04.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 09.05.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | - |
| അപ്പീലിന് മറുപടി നൽകിയ തീയതി | - |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 22.07.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 29.07.2019 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. പി.കുഞ്ഞുണ്ണി, 22.07.2019ന് സമർപ്പിച്ച പരാതി ഹർജി 29.07.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.894(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരൻ 24.04.2019ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാന്റെ 76 സെന്റ് സ്ഥലത്തിന്റെ ബി.റ്റി.ആർ.ൽ ഉള്ള ശരിയായ സർവ്വെ നമ്പർ 278/11 എന്നതാണെങ്കിലും ടിയാൻ തെറ്റായ നമ്പറിൽ നികുതി അടയ്ക്കുന്ന 275.1 എന്ന സർവ്വെ നമ്പറിൽ വില്ലേജിൽ എത്ര പേർ എത്ര സർവ്വെ സെന്ററിന് നികുതി അടയ്ക്കുന്നുണ്ടെന്ന ഒരു സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകണമെന്നാണ്.

ആയതിന് 09.05.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ~~26.04.2019ലെ~~ വില്ലേജ് റിക്കാർഡുകൾ (കൈവശ രജിസ്റ്റർ) പരിശോധിച്ചതിൽ മേല്പത്തൂർ അംശം സർവ്വെ നമ്പർ 278/11ൽ ആരുംതന്നെ ഭൂനികുതി അടച്ചു വരുന്നതായോ കൈവശം വച്ചു വരുന്നതായോ രേഖപ്പെടുത്തി കാണുന്നില്ല എന്ന വിവരം അറിയിച്ചിട്ടുണ്ടെന്നുമാണ്.

4. എതിർകക്ഷി 05.12.2019ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷ പ്രകാരം അന്വേഷണം നടത്തിയതിൽ സർവ്വെ 278/11ൽ 76 സെന്റ് കരഭൂമിയിലാണ് മണപ്പുള്ളിക്കാവ് ക്ഷേത്രം സ്ഥിതിചെയ്യുന്നതെന്നും നിലവിൽ മണപ്പുള്ളിക്കാവ് ക്ഷേത്ര കമ്മിറ്റിയാണ് ടി ക്ഷേത്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തി വരുന്നതെന്നും കൂടാതെ ഹർജിക്കാരനായ പുല്ലാണിപ്പറമ്പിൽ കുഞ്ഞുണ്ണി എന്നവരുടെയും കുടുംബത്തിന്റെയും മാത്രം അനുഭവത്തിലും കൈവശത്തിലും ഇപ്പോൾ ടി സ്ഥലം ഇല്ല എന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞതെന്നുമാണ്. വില്ലേജ് അടങ്കൽ രേഖകൾ പ്രകാരം മേഴത്തൂർ അംശം കോടനാട് ദേശത്ത് സർവ്വെ 278/11ൽ 76 സെന്റ് .സ്ഥലം കൂടല്ലൂർ മനക്കൽ നാരായണൻ നമ്പൂതിരിപ്പാട് പേരിലും വില്ലേജ് ബി.ടി.ആർ. പ്രകാരം കോടനാട് മനക്കൽ നാരായണൻ നമ്പൂതിരിപ്പാട് കീഴിൽ പുല്ലാണിപ്പറമ്പിൽ1, മണപ്പുള്ളി2, കറപ്പൻ എന്നുവരുടെ പേരിലും കാണപ്പെടുന്നുവെന്നുമാണ്.

കൂടാതെ മേൽപ്പടി ക്ഷേത്രവും ചുറ്റുപാടുമുള്ള സ്ഥലങ്ങളും പുല്ലാണിപ്പറമ്പിൽ വീട്ടുകാർ കൈവശമായിരുന്നുവെന്നും ആയത് ആരാധനാധികൾ നടത്തുന്നതിന് വർഷങ്ങൾക്കുമുമ്പ് ഭക്തജനങ്ങൾക്ക് വിട്ടുകൊടുത്തതാണെന്നും പ്രാദേശിക അന്വേഷണത്തിൽ അറിയുന്നുവെന്നും ടി സ്ഥലം സംബന്ധിച്ച് യാതൊരു ആധാരമോ പട്ടയമോ ഒന്നുംതന്നെ ഹർജിക്കാരന് ഇതുവരെ ഹാജരാക്കുവാൻ സാധിച്ചിട്ടില്ലെന്നുമാണ്.

പരാതിക്കാരന്റേയോ കുടുംബക്കാരുടേയോ മാത്രം കൈവശത്തിലും അനുഭവത്തിലും ടി പറയുന്ന സ്ഥലമില്ലെന്ന് അറിയുന്നതിനാലും പരാതിക്കാരനോ കുടുംബക്കാർക്കോ മാത്രമായി .നികുതി അടച്ചുനൽകുവാൻ നിർവ്വാഹമില്ല എന്നു അറിയിച്ചിട്ടുണ്ടെന്നും കൂടാതെ മണപ്പുള്ളിക്കാവ് ക്ഷേത്രത്തിലെ ഭക്തജനങ്ങൾ നികുതി അടക്കുന്ന

തിന് വേണ്ടി പട്ടാമ്പി തഹസിൽദാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

5. 11.11.2021 തീയതി കമ്മീഷൻ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരനും എതിർകക്ഷിയും ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷനു മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കിയില്ലെന്നാണ് ഹർജിക്കാരൻ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 09.05.2019ൽത്തന്നെ മറുപടി നൽകിയിട്ടുണ്ടെന്നു കമ്മീഷനു ബോധ്യമായതിന്റ അടിസ്ഥാനത്തിൽ എതിർകക്ഷിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 23-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION THIRUVANANTHAPURAM